എ.വൈ.ആർ

### സൂറഃ-9

# അത്തൗബ

اَسْتَغْفِرْ لَهُمْ أَوْ لَا تَسْتَغْفِرْ لَهُمْ إِن تَسْتَغْفِرْ لَهُمْ سَبْعِينَ مَرَّةً فَلَن
يَغْفِرَ اللَّهُ لَهُمْ ۚ ذَٰلِكَ بِأَنَّهُمْ كَفَرُوا بِاللَّهِ وَرَسُولِهِ ۗ وَاللَّهُ لَا يَهْدِي
الْقَوْمَ الْفَاسِقِينَ ٨٠

**80.** പ്രവാചകൻ അവർക്കു വേണ്ടി മാപ്പു തേടിയാലും ഇല്ലെങ്കിലും, ഒരു എഴുപതുവട്ടം മാപ്പിരന്നാലും അല്ലാഹു ഒരിക്കലും അവർക്ക് മാപ്പു നൽകാൻ പോകുന്നില്ല. എന്തുകൊണ്ടെന്നാൽ അവർ അല്ലാഹുവിനെയും അവന്റെ ദൂതനെയും ധിക്കരിച്ചിരിക്കുന്നു. അല്ലാഹുവോ ധർമധിക്കാരികൾക്ക് രക്ഷാമാർഗം കാട്ടിക്കൊടുക്കുകയുമില്ല.

فَرِحَ الْمُخَلَّفُونَ بِمَقْعَدِهِمْ خِلَافَ رَسُولِ اللَّهِ وَكَرِهُوا أَن يُجَاهِدُوا
بِأَمْوَالِهِمْ وَأَنفُسِهِمْ فِي سَبِيلِ اللَّهِ وَقَالُوا لَا تَنفِرُوا فِي الْحَرِّ ۗ قُلْ نَارُ
جَهَنَّمَ أَشَدُّ حَرًّا ۚ لَّوْ كَانُوا يَفْقَهُونَ ٨١

**81.** ദൈവദൂതനോടൊപ്പം സമരത്തിനു പുറപ്പെടാതെ പിൻതള്ളപ്പെട്ടവർ വീട്ടിൽ കുത്തിയിരിക്കാൻ കഴിഞ്ഞതിൽ നിഗളിച്ചിരിക്കുന്നു. ദൈവികമാർഗത്തിൽ ധനംകൊണ്ടും ദേഹംകൊണ്ടും സമരം ചെയ്യുന്നത് അവർ വെറുക്കുകയായിരുന്നു. അവർ ജനത്തോട് ഘോഷിച്ചു: ഈ കൊടും ചൂടിൽ ഇറങ്ങിത്തിരിക്കാതിരിക്കുവിൻ. പ്രവാചകൻ അവരോട് പറയുക: നരകത്തീ അതിനേക്കാൾ കൊടിയ ചൂടാകുന്നു. അവർ മനസ്സിലാക്കുന്നവരാണെങ്കിൽ.

فَلْيَضْحَكُوا قَلِيلًا وَلْيَبْكُوا كَثِيرًا جَزَاءً بِمَا كَانُوا يَكْسِبُونَ ٨٢

**82.** ആകയാൽ അവർ അൽപം ചിരിച്ചുകൊള്ളട്ടെ; അധികം കരയുകയും ചെയ്യട്ടെ. അതാണ് അവർ ചെയ്തുകൂട്ടിയ പാപങ്ങൾക്കുള്ള പ്രതിഫലം.

فَإِن رَّجَعَكَ اللَّهُ إِلَىٰ طَائِفَةٍ مِّنْهُمْ فَاسْتَأْذَنُوكَ لِلْخُرُوجِ فَقُل لَّن تَخْرُجُوا
مَعِيَ أَبَدًا وَلَن تُقَاتِلُوا مَعِيَ عَدُوًّا ۖ إِنَّكُمْ رَضِيتُم بِالْقُعُودِ
أَوَّلَ مَرَّةٍ فَاقْعُدُوا مَعَ الْخَالِفِينَ ٨٣

**83.** തബൂക്ക് യാത്രക്കു ശേഷം അല്ലാഹു നിന്നെ അവരിൽ തിരിച്ചെത്തിക്കുകയും അപ്പോൾ ഏതെങ്കിലും വിഭാഗം ഭാവി സമര യാത്രകളിൽ നിന്നോടൊപ്പം പോരാൻ സമ്മതം തേടുകയും ചെയ്താൽ അവരോട് പറയണം: ഇനി ഒരിക്കലും എന്റെ കൂടെ വരാനോ എന്നോടൊപ്പം ശത്രുക്കളോട് പൊരുതാനോ നിങ്ങൾക്ക് കഴിയില്ല. ആദ്യവട്ടം വീട്ടിലിരിക്കാനിഷ്ടപ്പെട്ടവരാണല്ലോ നിങ്ങൾ. ഇനിയും വീട്ടിലിരിക്കുന്നവരോടൊപ്പംതന്നെ ഇരുന്നുകൊള്ളുക.

اَسْتَغْفِرْ لَهُمْ = നീ (പ്രവാചകൻ) അവർക്ക് മാപ്പു തേടിക്കൊള്ളുക(തേടിയാലും)

أَوْ لَا تَسْتَغْفِرْ لَهُمْ = അല്ലെങ്കിൽ നീ അവർക്കു വേണ്ടി മാപ്പു തേടാതിരിക്കുക (ഇല്ലെങ്കിലും)

إِن تَسْتَغْفِرْ لَهُمْ = നീ അവർക്കു വേണ്ടി മാപ്പു തേടിയാലും سَبْعِينَ مَرَّةً = ഒരു എഴുപതുവട്ടം

അല്ലാഹു അവർക്ക് മാപ്പു നൽകുകയേ ഇല്ല (ഒരിക്കലും മാപ്പു നൽകാൻ പോകുന്നില്ല) = فَلَن يَغْفِرَ ٱللَّهُ لَهُمْ

അത് എന്തുകൊണ്ടെന്നാൽ അവർ = ذَٰلِكَ بِأَنَّهُمْ

അല്ലാഹുവിനെയും അവന്റെ ദൂതനെയും അവർ ധിക്കരിച്ചിരിക്കുന്നു = كَفَرُوا۟ بِٱللَّهِ وَرَسُولِهِۦ

അല്ലാഹുവോ (രക്ഷാ)മാർഗം കാട്ടിക്കൊടുക്കുകയുമില്ല = وَٱللَّهُ لَا يَهْدِى

ധർമധിക്കാരികളായ, ധർമപാതയിൽനിന്ന് തെറിച്ചുപോയ ജനത്തിന് = ٱلْقَوْمَ ٱلْفَٰسِقِينَ

പിന്തള്ളപ്പെട്ടവർ (സമരത്തിന് പുറപ്പെടാതെ നിന്നവർ) = ٱلْمُخَلَّفُونَ സന്തോഷിച്ചു, നിഗളിച്ചു = فَرِحَ

അവരുടെ ഇരിപ്പിടം കൊണ്ട് (വീട്ടിൽ കുത്തിയിരിക്കാൻ കഴിഞ്ഞതിൽ) = بِمَقْعَدِهِمْ

ദൈവദൂതന്റെ പിന്നിൽ (ദൈവദൂതനോടൊപ്പം സമരത്തിനു പുറപ്പെടാതെ) = خِلَٰفَ رَسُولِ ٱللَّهِ

അവർ സമരം ചെയ്യുന്നത് = أَن يُجَٰهِدُوا۟ അവർ വെറുത്തു(വെറുക്കുകയായിരുന്നു) = وَكَرِهُوٓا۟

അവരുടെ ദേഹങ്ങൾ, ജീവനുകൾകൊണ്ടും = وَأَنفُسِهِمْ അവരുടെ മുതലുകൾകൊണ്ട് = بِأَمْوَٰلِهِمْ

(അവർ ജനത്തോട്) ഘോഷിച്ചു = وَقَالُوا۟ അല്ലാഹുവിന്റെ മാർഗത്തിൽ = فِى سَبِيلِ ٱللَّهِ

നീ(പ്രവാചകൻ) പറയുക = قُلْ ഈ (കൊടും)ചൂടിൽ = فِى ٱلْحَرِّ നിങ്ങൾ ഇറങ്ങിത്തിരിക്കാതിരിക്കുവിൻ = لَا تَنفِرُوا۟

(അതിനേക്കാൾ) ചൂടിനാൽ കൊടിയതാകുന്നു = أَشَدُّ حَرًّا നരകത്തീ = نَارُ جَهَنَّمَ

അൽപം = قَلِيلًا ആകയാൽ അവർ ചിരിച്ചുകൊള്ളട്ടെ = فَلْيَضْحَكُوا۟ അവർ മനസ്സിലാക്കുന്നവരാണെങ്കിൽ = لَّوْ كَانُوا۟ يَفْقَهُونَ

പ്രതിഫലമായിട്ട് = جَزَآءًۢ അധികം = كَثِيرًا അവർ കരഞ്ഞുകൊള്ളട്ടെ = وَلْيَبْكُوا۟

അവർ സമ്പാദിച്ചിരുന്നതിന്റെ(ചെയ്തുകൂട്ടിയ പാപങ്ങളുടെ) = بِمَا كَانُوا۟ يَكْسِبُونَ

(തബൂക്ക് യാത്രക്കുശേഷം) അല്ലാഹു നിന്നെ മടക്കിയാൽ (തിരിച്ചെത്തിക്കുകയും) = فَإِن رَّجَعَكَ ٱللَّهُ

അവർ നിന്നോട് സമ്മതം തേടുകയും ചെയ്താൽ = فَٱسْتَـْٔذَنُوكَ അവരിൽ = مِّنْهُمْ ഒരു (ഏതെങ്കിലും)വിഭാഗത്തിലേക്ക് = إِلَىٰ طَآئِفَةٍ

അപ്പോൾ നീ പറയുക = فَقُل (ഭാവി സമരയാത്രകളിൽ നിന്നോടൊപ്പം പോരാൻ) പുറപ്പെടാൻ = لِلْخُرُوجِ

ഒരിക്കലും = أَبَدًا എന്റെ കൂടെ = مَعِىَ (ഇനി) നിങ്ങൾ പുറപ്പെടുകയില്ല(വരാനോ) = لَّن تَخْرُجُوا۟

ശത്രുവിനോട് = عَدُوًّا എന്നോടൊപ്പം പൊരുതുകയുമില്ല (പൊരുതാനോ നിങ്ങൾക്ക് കഴിയില്ല) = وَلَن تُقَٰتِلُوا۟ مَعِىَ

(വീട്ടിൽ) ഇരിക്കൽ = بِٱلْقُعُودِ നിങ്ങൾ ഇഷ്ടപ്പെട്ടു(ട്ടവരാണ്) = رَضِيتُم എന്തുകൊണ്ടെന്നാൽ നിങ്ങൾ = إِنَّكُمْ

ഇനി നിങ്ങൾ (വീട്ടിൽ) ഇരുന്നുകൊള്ളുക = فَٱقْعُدُوا۟ ആദ്യവട്ടം = أَوَّلَ مَرَّةٍ

പിന്മാറിയവരോടൊപ്പം (വീട്ടിൽ ഇരിക്കുന്നവരോടൊപ്പം തന്നെ) = مَعَ ٱلْخَٰلِفِينَ

**80:** അല്ലാഹുവുമായുള്ള കരാർ ബോധപൂർവം ലംഘിക്കുകയും മനഃപൂർവം കള്ളം പറയുകയും ചെയ്യുന്നവരുടെ ഹൃദയങ്ങളിൽ അന്ത്യനാൾ വരെ കാപട്യം കുടിയിരിക്കുമെന്ന് നേരത്തേ പറഞ്ഞുവല്ലോ. കാപട്യത്തിൽനിന്ന് നിഷ്കളങ്കമായി പശ്ചാത്തപിച്ച് ആത്മാർഥമായ സത്യവിശ്വാസം കൈക്കൊള്ളുകയല്ലാതെ അവർക്ക് മറ്റൊരു മോക്ഷമാർഗമില്ല. മനസ്സിൽ കാപട്യം സൂക്ഷിക്കുന്നേടത്തോളം കാലം ആരു തന്നെ പ്രാർഥിച്ചാലും അവരുടെ പാപം പൊറുക്കപ്പെടാൻ പോകുന്നില്ല. കപടവിശ്വാസികൾ പ്രവാചകനോട് പ്രാർഥിക്കാനപേക്ഷിക്കാറുണ്ടായിരുന്നു. അതിന് രണ്ട് ഉദ്ദേശ്യങ്ങളായിരുന്നു ഉണ്ടായിരുന്നത്. ഒന്ന്, തങ്ങൾ പ്രവാചകനിൽ ദൃഢമായി വിശ്വസിക്കുകയും അദ്ദേഹത്തെ ആദരിക്കുകയും ചെയ്യുന്നുണ്ടെന്ന് പ്രവാചകനെയും വിശ്വാസികളെയും ധരിപ്പിക്കുക. രണ്ട്, ഇയാൾ യഥാർഥത്തിൽ പ്രവാചകൻ തന്നെയാണെങ്കിൽ അദ്ദേഹത്തിന്റെ പ്രാർഥന കൊണ്ട് ഗുണമുണ്ടാകുമല്ലോ, അതിങ്ങു പോന്നോട്ടെ എന്ന ആർത്തി. കപടവിശ്വാസികൾ പ്രാർഥിക്കാനാവശ്യപ്പെടുമ്പോൾ അവരുടെ കാപട്യം അറിഞ്ഞുകൊണ്ടുതന്നെ പ്രവാചകൻ അവർക്ക് വേണ്ടി പ്രാർഥിക്കാറുണ്ടായിരുന്നു. എന്നാൽ ഇക്കൂട്ടരുടെ പാപമോചനത്തിനു വേണ്ടി പ്രവാചകൻ പ്രാർഥിച്ചാലും യാതൊരു ഫലവുമില്ലെന്നാണ് ഇവിടെ പറയുന്നത്. പ്രവാചകൻ സത്യവാനാണെങ്കിൽ, തങ്ങളുടെ കാപട്യവും തജ്ജന്യമായ ദുഷ്ടതകളും അദ്ദേഹത്തിന്റെ പ്രാർഥന കൊണ്ട് പൊറുത്തുകിട്ടുമെന്നത് വെറും വ്യാമോഹമാണ്. എഴുപതുവട്ടം- سَبْعِينَ مَرَّةً -എന്ന വാക്ക് ആ പ്രത്യേക സംഖ്യയെയല്ല, എത്ര വട്ടം പ്രാർഥിച്ചാലും എന്ന അർഥത്തെയാണ് സൂചിപ്പിക്കുന്നത്.

പ്രവാചകന് തന്റെ ശിഷ്യന്മാരിലെ കപടന്മാരോടു പോലും വലിയ സ്നേഹവും കാരുണ്യവുമുണ്ടായിരുന്നു. "പ്രവാചകൻ എഴുപതുവട്ടം പ്രാർഥിച്ചാലും അല്ലാഹു അവർക്ക് മാപ്പു കൊടുക്കില്ല" എന്ന് ഖുർആൻ പ്രസ്താവിച്ചപ്പോൾ, എങ്കിൽ ഞാൻ എഴുപതിലധികം വട്ടം അവർക്കു വേണ്ടി പ്രാർഥിക്കുമെന്ന് അദ്ദേഹം പറഞ്ഞതായും, അതേത്തുടർന്നാണ് സൂറ *അൽ മുനാഫിഖൂനി*ലെ 6-ാം സൂക്തം അവതരിച്ചതെന്നും ചില നിവേദനങ്ങളുണ്ട്.

سَوَآءٌ عَلَيْهِمْ أَسْتَغْفَرْتَ لَهُمْ أَمْ لَمْ تَسْتَغْفِرْ لَهُمْ لَن يَغْفِرَ
ٱللَّهُ لَهُمْ ۚ إِنَّ ٱللَّهَ لَا يَهْدِى ٱلْقَوْمَ ٱلْفَٰسِقِينَ ﴿٦﴾

(നീ അവർക്കു വേണ്ടി പാപമോചനം തേടിയാലും ഇല്ലെങ്കിലും ഒരുപോലെയാണ്. അല്ലാഹു ഒരിക്കലും അവർക്ക് മാപ്പു കൊടുക്കാൻ പോകുന്നില്ല. ധർമധിക്കാരികൾക്ക് അല്ലാഹു മാർഗദർശനം നൽകുന്നില്ല).

കപടവിശ്വാസികൾക്ക് മാപ്പു കൊടുക്കാൻ പ്രവാചകൻ പ്രാർഥിക്കുന്നത് അല്ലാഹു വിലക്കിയിട്ടില്ല. പ്രാർഥിക്കാൻ സ്വാതന്ത്ര്യം നൽകിയ ശേഷം, അതുകൊണ്ട് അവർക്ക് പാപമോചനം ലഭിക്കുകയില്ല എന്നറിയിക്കുകയാണ് ചെയ്തിരിക്കുന്നത്. പ്രവാചകൻ ഈ സ്വാതന്ത്ര്യം ഉപയോഗപ്പെടുത്തിയിരുന്നതായി ഹദീസുകൾ പറയുന്നുണ്ട്. ബുഖാരിയും തിർമിദിയും നസാഇയും ഉദ്ധരിച്ച ഒരു നിവേദനത്തിൽ പറയുന്നു: അബ്ദുല്ലാഹിബ്ൻ ഉബയ്യ് (മദീനയിലെ കപടന്മാരുടെ നേതാവ്) മരിച്ചപ്പോൾ അദ്ദേഹത്തിനു വേണ്ടി നമസ്കരിക്കാൻ പ്രവാചകൻ ക്ഷണിക്കപ്പെട്ടു. അദ്ദേഹം അതിനു തയാറായപ്പോൾ ഉമർ ചോദിച്ചു: “ഇന്നതും ഇന്നതുമൊക്കെ പറഞ്ഞുനടന്ന, അല്ലാഹുവിന്റെ ശത്രുവായ അബ്ദുല്ലാഹിബ്നു ഉബയ്യിനുവേണ്ടി നമസ്കരിക്കുകയോ?” ഉമർ അയാളുടെ കഥകൾ എണ്ണിപ്പറഞ്ഞു കൊണ്ടിരുന്നു. റസൂൽ(സ) അപ്പോൾ പുഞ്ചിരിക്കുകയായിരുന്നു. ഉമറിന്റെ സംസാരം പെരുത്തപ്പോൾ നബി(സ) പറഞ്ഞു: “ഓ ഉമർ, എന്നെ വിട്ടേക്കൂ. എനിക്ക് സ്വാതന്ത്ര്യം ലഭിച്ചിട്ടുണ്ട്. استغفر لهم أولاتستغفر لهم سبعين مرة എന്നാണ് എന്നോട് പറഞ്ഞിട്ടുള്ളത്. എഴുപതിൽ കൂടുതൽ പ്രാർഥിച്ചാൽ ഫലമുണ്ടാകുമെന്ന് അറിഞ്ഞാൽ തീർച്ചയായും എഴുപതിലധികം തവണ ഞാൻ പ്രാർഥിക്കുമായിരുന്നു.” തുടർന്ന് നബി(സ) അയാൾക്കുവേണ്ടി നമസ്കരിച്ചു. ആ മൃതദേഹത്തോടൊപ്പം നടന്ന് സംസ്കരണം കഴിയുന്നതുവരെ ഖബ്റിനടുത്തുനിന്നു. ഉമർ പറയുന്നു: “എന്നോടും ഞാൻ പ്രവാചകനോടും കാണിച്ച ധൈര്യത്തിൽ എനിക്കത്ഭുതം തോന്നി- അല്ലാഹുവും അവന്റെ ദൂതനുമാണ് ഏറ്റം അറിയുന്നത്- എന്നാൽ അല്ലാഹുവാണ, കുറച്ചു കഴിഞ്ഞപ്പോഴേക്കും,

وَلَا تُصَلِّ عَلَىٰٓ أَحَدٍ مِّنْهُم مَّاتَ أَبَدًا وَلَا تَقُمْ عَلَىٰ قَبْرِهِۦٓ

(അക്കൂട്ടത്തിൽ മരണപ്പെടുന്ന ആർക്കു വേണ്ടിയും നീ നമസ്കരിക്കരുത്. അവരുടെ ഖബ്റിനടുത്ത് നിൽക്കുകയുമരുത് 9:84) - എന്ന വാക്യം അവതരിച്ചു. പിന്നീട് മരണം വരെ നബി മുനാഫിഖുകളിൽ ആർക്കു വേണ്ടിയും നമസ്കരിക്കുകയോ അവരുടെ ഖബ്റിനടുത്തു പോവുകയോ ഉണ്ടായിട്ടില്ല.”

കപടന്മാരുടെ പാപമോചനത്തിനു വേണ്ടി പ്രാർഥിക്കാനുള്ള സ്വാതന്ത്ര്യം ഇവിടെ നിഷേധിക്കപ്പെട്ടിട്ടില്ല. എന്നാൽ ബഹുദൈവാരാധകരുടെ പാപമോചനത്തിനു വേണ്ടി പ്രാർഥിക്കുന്നത് ഖുർആൻ വ്യക്തമായ ഭാഷയിൽ നിരോധിച്ചിരിക്കുന്നു. ഈ സൂറയിലെ 113-ാം സൂക്തത്തിൽ അത് വരുന്നുണ്ട്.

**81:** مُخَلَّف (പിന്തള്ളപ്പെട്ടവൻ)ന്റെ ബഹുവചനമാണ് مُخَلَّفون. വ്യാജമായ കാരണങ്ങൾ ബോധിപ്പിച്ച് തബൂക്ക് യാത്രയിൽനിന്ന് മാറിനിൽക്കാൻ പ്രവാചകനോട് വിടുതൽ നേടിയ കപടവിശ്വാസികളെയാണ് ഇവിടെ ഈ പദംകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. فرحة ൽനിന്നുള്ള ക്രിയയാണ് فَرِحَ. ആഹ്ലാദിച്ചു, സന്തോഷിച്ചു എന്നർഥം. വെറും സന്തോഷത്തിനപ്പുറം, അഭിമാനം, അഹന്ത, ഗർവ് തുടങ്ങിയ വികാരങ്ങൾ ഉൾച്ചേർന്ന സന്തോഷത്തിനും ഈ പദം ഉപയോഗിക്കുന്നു. ഈ സന്ദർഭത്തിൽ ആ അർഥമാണുള്ളത്. ഇരിപ്പിടം എന്നാണ് مَقْعَد-ന്റെ യഥാർഥ അർഥമെങ്കിലും, ഇരുപ്പ് എന്ന അർഥത്തിലും സാധാരണ ഉപയോഗിക്കുന്നു. قعود ആണ് ഭാഷാർഥത്തിലുള്ള ഇരുപ്പ്. ഈ പദത്തിന്റെ ആലങ്കാരിക അർഥം നേരത്തേ 46-ാം സൂക്തത്തിനു താഴെ വിവരിച്ചിട്ടുണ്ട്. خلافന് إختلاف -എതിര്, ഭിന്നിപ്പ്-എന്നും خلف - ശേഷം, പിറകെ- എന്നും അർഥമുണ്ട്. രണ്ട് അർഥവും ഈ സന്ദർഭത്തിൽ സാധുവാകുന്നു. തബൂക്ക് യാത്രയിൽ പ്രവാചകനെ അനുഗമിക്കാൻ വിസമ്മതിച്ചവരുടെ നിലപാട് പ്രവാചകന്റെ താൽപര്യത്തിനെതിരായിരുന്നു. പ്രവാചകനും സംഘവും മദീന വിട്ടപ്പോൾ അവർക്ക് പിന്നിൽ മദീനയിൽതന്നെ അവശേഷിച്ചവരുമാണവർ. لَا تَنفِرُوا എന്നതിന്റെ മൂലപദമായ نفر-യുടെ അർഥം ഈ സൂറയുടെ 38-ാം സൂക്തത്തിനു താഴെ വിശദീകരിച്ചിട്ടുണ്ട്.

കപടന്മാർ അല്ലാഹുവിനെയും റസൂലിനെയും നിഷേധിച്ചവരായതിനാൽ മാപ്പർഹിക്കാത്ത അധർമകാരികളാണെന്ന് മുൻസൂക്തത്തിൽ പ്രസ്താവിച്ചുവല്ലോ. അവരുടെ സത്യനിഷേധത്തിന്റെ തെളിവ് ചൂണ്ടിക്കാണിക്കുകയാണിവിടെ. ഓരോ ഒഴികഴിവുകൾ പറഞ്ഞ് സമരയാത്രയിൽനിന്ന് മാറിനിന്നവർ സത്യസന്ധരായിരുന്നുവെങ്കിൽ പ്രവാചകനെ അനുഗമിക്കാൻ കഴിയാത്തതിൽ ദുഃഖിക്കുകയായിരുന്നു ചെയ്യുക. എന്നാൽ തങ്ങളുടെ സാമർഥ്യംകൊണ്ട് ഈ ദുർഘടം പിടിച്ച യാത്ര ഒഴിവാക്കാൻ കഴിഞ്ഞതിൽ സന്തോഷിക്കുകയാണ് ഇക്കൂട്ടർ ചെയ്യുന്നത്. പിൻമാറിയതിന്റെ യഥാർഥ കാരണം അവർ പുറത്തു പറഞ്ഞതൊന്നുമായിരുന്നില്ല; പ്രത്യുത ദീനിന്റെ വിജയത്തിനു വേണ്ടി അധ്വാനിക്കാനോ പണം ചെലവഴിക്കാനോ അവർക്ക് മനസ്സുണ്ടായിരുന്നില്ലാത്തതായിരുന്നു എന്നതിന്റെ തെളിവാണത്. അനിവാര്യമായ കാരണങ്ങളാൽ പിന്മാറുന്നവർ മറ്റുള്ളവരെ സമരയാത്രക്ക് പ്രേരിപ്പിക്കുകയാണ് ചെയ്യുക. പക്ഷേ ഇക്കൂട്ടർ ചെയ്തതോ, ഈ കൊടുംചൂടുകാലത്ത് ഇത്തരമൊരു സാഹസത്തിന് ഇറങ്ങിത്തിരിക്കരുതെന്ന് പറഞ്ഞ് ആളുകളെ പിന്തിരിപ്പിക്കുകയായിരുന്നു. അറേബ്യയിലെ ഏറ്റം ഉഷ്ണം കൂടിയ കാലത്തായിരുന്നുവല്ലോ യാത്ര. പഴങ്ങൾ പാകമാകുന്ന ഈ കാലത്ത് മദീനയിൽ വിളവെടുത്തും തോട്ടങ്ങളുടെ ശീതളിമയനുഭവിച്ചും കഴിയണമെന്നായിരുന്നു അവരുടെ ഉപദേശം.

കപടന്മാർ പേടിക്കുകയും പേടിപ്പിക്കുകയും ചെയ്യുന്ന ഈ ഉഷ്ണം നരകാഗ്നിയെ അപേക്ഷിച്ച് എത്ര നിസ്സാരം! അതിന്റെ മറവിൽ, അക്രമികളെ ചെറുക്കാനും രാജ്യത്തെ രക്ഷിക്കാനും ധർമസമരത്തിനിറങ്ങാൻ വിസമ്മതിക്കുന്നവർ ലഘുവും ക്ഷണികവുമായ ലൗകിക ഉഷ്ണത്തിൽനിന്ന് ഓടിപ്പോകുന്നത് അതികഠിനവും അവസാനമില്ലാത്തതുമായ നരകാഗ്നിയിലേക്കാണ്. അക്രമവും അധർമവും തടയുകയും നിരപരാധികളെ രക്ഷിക്കുകയും ചെയ്യുക എന്നത് സത്യവിശ്വാസികളുടെ നിർബന്ധ ബാധ്യതയാണ്. ആ ബാധ്യതയിൽനിന്ന് മനഃപൂർവം ഒഴിഞ്ഞുമാറുന്നവർ സ്വർഗം തിരസ്കരിച്ച് നരകം വരിക്കുകയാണ് ചെയ്യുന്നത്. തബൂക്ക് യാത്രയിൽ നിന്ന് ഒഴിഞ്ഞുമാറാൻ കഴിഞ്ഞത് സ്വന്തം വിജയമായി കൊണ്ടാടുന്നവർ അൽപം ആലോചിച്ചുനോക്കിയാൽ സ്വയം മനസ്സിലാകുന്നതാണിക്കാര്യം.

സ്വന്തം സാമർഥ്യംകൊണ്ട് സമരയാത്രയിൽനിന്ന് വിട്ടുനിൽക്കുന്നതിൽ വിജയിച്ചു എന്ന അവരുടെ നിഗളിപ്പ് പൊള്ളയാണ്. അവരുന്നയിച്ച കാരണങ്ങളൊക്കെ സത്യമാണെന്നു വിശ്വസിച്ചുകൊണ്ടല്ല പ്രവാചകൻ വിട്ടുനിൽക്കാൻ അനുമതി നൽകിയത്. അല്ലാഹുവിനെയും തന്നെയും മനസ്സാ നിഷേധിക്കുന്നവരാണവരെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. അത്തരക്കാർ പടയണിയിലുണ്ടാകുന്നത് ഗുണത്തേക്കാളേറെ ദോഷമാകുമെന്നതുകൊണ്ട് അവരെ പിന്തള്ളുകയാണ് വാസ്തവത്തിൽ

അദ്ദേഹം ചെയ്തത്. اَلْمُخَلَّفُونَ (പുറംതള്ളപ്പെട്ടവർ) എന്ന പദം അതാണ് സൂചിപ്പിക്കുന്നത്.

**82:** ഉഷ്ണകാലത്തെ ഈ യാത്രയിൽനിന്ന് ഒഴിഞ്ഞുമാറി ലഘുവായ ചൂടിൽനിന്ന് രക്ഷപ്പെട്ടതിൽ അവരിപ്പോൾ അൽപംസന്തോഷിച്ചോട്ടെ, അധാർമികമായ ഈ നടപടിയുടെ ശിക്ഷയായി ഭാവിയിൽ അനന്തമായി കരഞ്ഞുകഴിയുകയും ചെയ്തോട്ടെ. കാര്യവിചാരവും ഉൾക്കാഴ്ചയുമില്ലാതെ ക്ഷണിക സുഖങ്ങളിലഭിരമിക്കുകയും ശാശ്വതമായി നിലനിൽക്കുന്ന ഭാവി ദുരന്തങ്ങളെ അവഗണിക്കുകയും ചെയ്യുന്നതിന്റെ അനിവാര്യഫലമാണത്. ഈ വാക്യം ഇങ്ങനെയും വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു: യാഥാർഥ്യം മനസ്സിലാക്കുകയാണെങ്കിൽ സമരയാത്രയിൽനിന്ന് ഒഴിഞ്ഞുമറിയതിൽ വളരെ കുറച്ചേ അവർക്ക് ചിരിക്കാൻ വകയുള്ളൂ. തങ്ങൾ ചെയ്തുകൂട്ടിയ പാപങ്ങളുടെ ഭയാനകമായ അനന്തരഫലമോർത്ത് ധാരാളം കരയുകയാണ് യഥാർഥത്തിലവർ ചെയ്യേണ്ടത്. 'അവർ കുറച്ചു മാത്രം ചിരിക്കുകയും കൂടുതൽ കരയുകയും ചെയ്യും' എന്ന പ്രസ്താവനയായും ചിലർ അർഥം കൽപിച്ചിട്ടുണ്ട്. ജീവിതകാലം മുഴുവൻ ചിരിച്ചുകൊണ്ടിരുന്നാലും പരലോകത്തെ അപേക്ഷിച്ച് അത് തുഛം നേരത്തെ ചിരിയേ ആകുന്നുള്ളൂ. കൂടുതൽ ഉചിതമായത് ആദ്യം പറഞ്ഞ ആശയങ്ങളാണ്.

ചിരിയും കരച്ചിലും നേരത്തെ തീരുമാനിച്ചുറച്ചോ മറ്റുള്ളവരുടെ ആവശ്യമനുസരിച്ചോ ചെയ്യാവുന്ന കാര്യങ്ങളല്ല; സാന്ദർഭികമായി സ്വയം ഉളവാകുന്നതാണ്. സ്വയം നിശ്ചയിച്ചോ മറ്റുള്ളവരുടെ ആവശ്യമനുസരിച്ചോ ഉണ്ടാകുന്ന കരച്ചിലും ചിരിയും കൃത്രിമങ്ങളായിരിക്കും. ഇവിടെ ചിരിക്കട്ടെ, കരയട്ടെ എന്നു കൽപിക്കുന്നത് അവർ കൃത്രിമമായി കരയുകയോ ചിരിക്കുകയോ ചെയ്യട്ടെ എന്ന അർഥത്തിലല്ല; അവരുടെ നടപടി നൽകുന്ന സന്തോഷത്തിന്റെ ക്ഷണികതയെക്കുറിച്ചും ഭാവിയിൽ അതുമൂലമുണ്ടാകുന്ന ശാശ്വതമായ ദുരിതത്തെക്കുറിച്ചും ആലോചിക്കട്ടെ എന്ന അർഥത്തിലാണ്.

കപടവിശ്വാസികളല്ലാത്തവരും അമിതമായി ചിരിക്കുന്നത് അനാശാസ്യമായി പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. പ്രവാചകൻ(സ) പ്രസ്താവിച്ചതായി തിർമിദി ഉദ്ധരിച്ച ഒരു ഹദീസിൽ ഇങ്ങനെ കാണാം: "അല്ലാഹുവാണ, ഞാൻ അറിയുന്നത് നിങ്ങൾ അറിയുന്നുവെങ്കിൽ തീർച്ചയായും നിങ്ങൾ കുറച്ചു മാത്രം ചിരിക്കുകയും ധാരാളം കരയുകയും ചെയ്യുമായിരുന്നു. അല്ലാഹുവിനോട് വിലപിച്ചുകൊണ്ട് നിങ്ങൾ വഴികളിലേക്കിറങ്ങുകയും ചെയ്യുമായിരുന്നു." അമിതമായി ചിരിക്കുന്നത് മൂഢലക്ഷണമാണെന്ന് ചില മഹാന്മാർ പറഞ്ഞിരിക്കുന്നു. 'അമിതമായ ചിരി മനസ്സിനെ മരിപ്പിക്കും' എന്നൊരു നിവേദനമുണ്ട്.

ചുരുക്കത്തിൽ, സമര സംരംഭങ്ങളിൽനിന്നുള്ള പിന്മാറ്റം, ജിഹാദിലുള്ള വൈമുഖ്യം, ജിഹാദിൽനിന്നു മറ്റുള്ളവരെ പിന്തിരിപ്പിക്കൽ ഇവ മൂന്നും നരകം അർഹിക്കുന്ന പാപങ്ങളാണ്. അത്തരം നടപടികളുടെ വിജയം നൽകുന്ന സന്തോഷം എത്ര വലുതായാലും യഥാർഥത്തിൽ തീരെ ക്ഷണികവും തുഛവുമാണ്. പരലോകത്ത് അതിന്റെ ഫലമായി നേരിടേണ്ടിവരുന്ന ദുഃഖവും വേദനയും എന്നെന്നും നിലനിൽക്കുന്നതുമാണ്.

**83:** പ്രവാചകൻ ത്വബൂക്കിൽനിന്ന് മടങ്ങുന്നതിനു മുമ്പ് അവതരിച്ചതാണ് ഈ സൂക്തമെന്ന് അതിലെ വാക്യങ്ങൾ വ്യക്തമാക്കുന്നുണ്ട്. റോമിനോട് ഏറ്റുമുട്ടാൻ പോകുന്ന പ്രവാചകനും കൂട്ടരും മടങ്ങിവരില്ലെന്നായിരുന്നുവല്ലോ കപടന്മാരുടെ പ്രതീക്ഷ. അതേപ്പറ്റി അല്ലാഹു പറയുകയാണ്: അവരെന്തു വിചാരിച്ചാലും ശരി, അല്ലാഹു നിന്നെ മദീനയിൽ തിരിച്ചെത്തിക്കുക തന്നെ ചെയ്യും. പ്രവാചകൻ തിരിച്ചെത്തിയാൽ നേരത്തെ കൂടെ പോരാൻ വിസമ്മതിച്ച കപടവിശ്വാസികൾ തങ്ങൾ സമരയാത്രയിൽ പങ്കെടുക്കാതിരുന്നതിൽ ഖേദം പ്രകടിപ്പിക്കുകയും വല്ല നിവൃത്തിയുമുണ്ടായിരുന്നുവെങ്കിൽ തങ്ങളും വരുമായിരുന്നുവെന്ന് സത്യം ചെയ്യുകയും ചെയ്യുമെന്ന് നേരത്തെ പറയുകയുണ്ടായി. അവരിൽ ചിലർ ഭാവിയിലുണ്ടാകുന്ന സമരയാത്രകളിൽ തങ്ങളെയും കൊണ്ടുപോകണമെന്ന് അപേക്ഷിക്കുകയും ചെയ്യും. ഈ അപേക്ഷയും കപടമാകാം, അല്ലെങ്കിൽ സത്യസന്ധമാകാം. രണ്ടായാലും അവർക്കിനി പ്രവാചകനോടൊപ്പം സഞ്ചരിക്കാനോ അദ്ദേഹത്തിന്റെ കൂടെനിന്ന് ശത്രുക്കളോട് പൊരുതാനോ അവസരമില്ലെന്ന് തീർത്തു പറഞ്ഞേക്കുക.

لَن تَخْرُجُوا مَعِيَ أَبَدًا وَلَن تُقَاتِلُوا مَعِيَ عَدُوًّا (നിങ്ങൾ ഒരുകാലത്തും എന്നോടൊപ്പം പുറപ്പെടുന്നതല്ല, എന്നോടൊപ്പം ശത്രുക്കളോട് പൊരുതുന്നതുമല്ല) എന്നാണ് മൂലവാക്യം. ഇതിന്റെ വിവക്ഷ, ഈ രണ്ടുകാര്യത്തിനും ഇനിയൊരവസരം ഉണ്ടാവുകയാണെങ്കിൽ അപ്പോഴും നിങ്ങൾ ഓരോര തട്ടിപ്പുകൾ പറഞ്ഞ് ഇപ്പോൾ ചെയ്തതുപോലെ ഒഴിഞ്ഞുമാറുകയേയുള്ളൂ; എന്റെ കൂടെ വരാൻ നിങ്ങൾക്കൊരിക്കലും മനസ്സ് വരില്ല എന്നാവാം. ഇനി ഇതുപോലരവസരം നിങ്ങൾക്ക് ലഭിക്കാൻ പോകുന്നില്ല എന്നുമാവാം. ഈ രണ്ടു കാര്യങ്ങളും മേലിൽ നിങ്ങൾക്ക് വലിക്കപ്പെട്ടിരിക്കുന്നു എന്നുമാവാം. രണ്ടാമത്തെ അർഥപ്രകാരം താൽപര്യമിതാണ്: പ്രവാചകനോടൊപ്പം സഞ്ചരിച്ച് അല്ലാഹുവിന്റെ ശത്രുക്കളോട് പൊരുതിക്കൊണ്ട് പ്രഥമ ഇസ്‌ലാമിക സമൂഹത്തെ സംരക്ഷിക്കുന്നതിൽ നിർണായകമായ പങ്കുവഹിക്കാനുള്ള മഹത്തായ അവസരം നിങ്ങൾക്ക് എന്നെന്നേക്കുമായി നഷ്ടപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഇനി ഇതുപോലുള്ള സന്ദർഭങ്ങളുണ്ടാവില്ല. മൂന്നാമത്തെ വിവക്ഷ പ്രകാരം പ്രവാചകൻ അവരോട് പറയുന്നതിതാണ്: ഇനിയൊരിക്കലും നിങ്ങൾ എന്റെ കൂടെ വരാൻ പാടില്ല. എന്റെ കൂടെ യുദ്ധം ചെയ്യാനും പാടില്ല. ആദ്യത്തെ അവസരത്തിൽ എന്നെ ഒറ്റപ്പെടുത്തി വീട്ടിലിരിക്കാൻ ഇഷ്ടപ്പെട്ടവരാണല്ലോ നിങ്ങൾ. അതിന്റെ ശിക്ഷയായി അത്തരം മഹത്തായ സേവനങ്ങളിൽ പങ്കാളികളാകാനുള്ള അവസരം എന്നെന്നേക്കുമായി നിങ്ങൾക്ക് നിഷേധിക്കപ്പെട്ടിരിക്കുന്നു. മൂന്നർഥവും ഉദ്ദേശ്യമാകാമെങ്കിലും മൂന്നാമത്തെ അർഥമാണ് കൂടുതൽ പ്രചരമായിട്ടുള്ളത്. ഏത് അർഥത്തിലെടുത്താലും കപടവിശ്വാസികളെ വല്ലാതെ നാണംകെടുത്തുന്നതും നിന്ദിക്കുന്നതുമാണ് ഈ വാക്യം. ഇങ്ങനെ അപേക്ഷിച്ചവർ പന്ത്രണ്ടു പേരായിരുന്നുവെന്ന് ചില നിവേദനങ്ങളിൽ കാണുന്നുണ്ട്. മദീനയിലെ സമ്പന്നരും പ്രധാനികളുമായിരുന്നു അവർ. ആദ്യവട്ടം സമരയാത്രയിൽനിന്ന് ഒഴിഞ്ഞുമാറിയത് തങ്ങളുടെ പ്രാമാണ്യത്തിന്റെയും സാമർഥ്യത്തിന്റെയും ദൃഷ്ടാന്തമായി അഹങ്കരിച്ചവർ, ഇപ്പോൾ സമരത്തിൽ പങ്കെടുക്കാൻ അനുവാദത്തിനു വേണ്ടിയുള്ള അപേക്ഷ തള്ളപ്പെട്ട നിസ്സാരരും നികൃഷ്ടരുമായി മാറിയിരിക്കുന്നു. നേരത്തെ സകാത്ത് നൽകാൻ വിസമ്മതിച്ച കപടവിശ്വാസികൾ പിന്നീട് അതുമായി വന്നപ്പോൾ നിരസിച്ചതുപോലുള്ള നടപടിയാണിത്.

اَلْخَالِفِينَ-ന്റെ അർഥം പിന്തിയവർ, പിറകിലവശേഷിച്ചവർ എന്നാണ്. നേരത്തെ പറഞ്ഞ പിന്തള്ളപ്പെട്ടവർ അല്ലാത്ത, സൈനികസേവനത്തിനു കഴിവില്ലാത്തവരായ സ്ത്രീകളും കുട്ടികളുമാണ് ഇവിടെ ഇതുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. ■